**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2007** **04-02-2026 - ൽ മറുപടിയ്ക്ക്**

**ക്ഷീര മേഖലയുടെ ആധുനികവൽക്കരണത്തിനുള്ള പദ്ധതികൾ സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീര മേഖലയുടെ ആധുനികവൽക്കരണത്തിനായി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (എ) | ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**പത്ത് പശു യൂണിറ്റ്** - ബാങ്ക് ലോൺ ഉൾപ്പെടുത്തി വ്യാവസായികാടിസ്ഥാനത്തിലുള്ള പശു വളർത്തൽ - സബ്സിഡി തുക (രൂപ) /യൂണിറ്റ് - 3,80,000/-<br><br>**ഇരുപത് പശു യൂണിറ്റ്** - ബാങ്ക് ലോൺ ഉൾപ്പെടുത്തി വ്യാവസായികാടിസ്ഥാനത്തിലുള്ള പശു വളർത്തൽ സബ്സിഡി തുക (രൂപ)/യൂണിറ്റ് - 7,60,000/-<br><br>**ക്ഷീര യുവ (സ്റ്റാർട്ട് ഡയറി ഫാം)** - യുവ സംരംഭകർക്കുള്ള പ്രത്യേക 10 പശു ഡയറി ഫാം പദ്ധതി (ലോൺ ബാധകം) സബ്സിഡി തുക (രൂപ)/യൂണിറ്റ് - 4,64,000/-<br><br>**ഗ്രൂപ്പുകൾക്കുള്ള പശു വാങ്ങൽ പദ്ധതി** - ജെ എൽ ജി, എസ് എച്ച് ജി, എഫ് പി ഒ, മറ്റ് രജിസ്റ്റേഡ് ഗ്രൂപ്പുകൾ എന്നിവയ്ക്കുള്ള 5, 10 പശു വളർത്തൽ - പദ്ധതി (ലോൺ ബാധകം) സബ്സിഡി തുക/യൂണിറ്റ് - 5 പശു യൂണിറ്റ് - 5,62,500/-രൂപ), 10 പശു യൂണിറ്റ് - 11,52,000/- രൂപ)<br><br>**ബാങ്ക് ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീം** - ഡയറി ഫാമിംഗ് സംരംഭങ്ങൾക്കായി 5 ലക്ഷത്തിൽ കുറയാത്ത ലോൺ എടുത്ത് കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 5 വർഷം വരെ 100 ശതമാനം പലിശയും സബ്സിഡിയായി നൽകുന്നു (പ്രതിവർഷം പരമാവധി 3 ലക്ഷം രൂപ)<br><br>**അസിസ്റ്റൻസ് ടു പ്രോഗ്രസ്സീവ് ഡയറി ഫാമേഴ്സ് (ആവശ്യാധിഷ്ഠിത ധനസഹായം)** - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 50,000/-<br><br>**ഡയറി ഫാമുകളുടെ യന്ത്രവൽക്കരണവും ആധുനികവൽക്കരണവും** - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 50,000/-<br><br>**കാലിത്തൊഴുത്ത് നിർമ്മാണം** - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 50000/-<br><br>**കറവയന്ത്രം** - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 30,000/-<br><br>**കൊമേഴ്സ്യൽ ഡയറി ഫാമുകളുടെ ആധുനികവൽക്കരണം** - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 50,000/-<br><br>**തീറ്റപ്പുൽകൃഷി ധനസഹായം**<br><br>**ജലസേചന ധനസഹായം** - 1 ഏക്കറിന് മുകളിലുള്ള പുൽകൃഷി - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 25,000/-<br><br>**ജലസേചന ധനസഹായം** - 1 ഏക്കറിൽ താഴെയുള്ള പുൽകൃഷി -സബ്സിഡി തുക (രൂപ)/യൂണിറ്റ് - 10,000/-<br><br>**യന്ത്രവൽക്കരണ ധനസഹായം** - ചാഫ് കട്ടർ, ബ്രഷ് കട്ടർ മുതലായ യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതി സബ്സിഡി തുക (രൂപ)/യൂണിറ്റ് - 10000/-<br><br>**വാണിജ്യാടിസ്ഥാനത്തിൽ തരിശ്ശു നിലത്തിൽ തീറ്റപ്പുൽ കൃഷി** - 1 ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി ചെയ്യുന്നതിന് വ്യക്തികൾ, ഗ്രൂപ്പുകൾ, ക്ഷീരസംഘങ്ങൾ എന്നിവയ്ക്കുള്ള പദ്ധതി - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 1,00,000/-<br><br>**ഫോഡർ ഹബ്സ്/ ഫോഡർ മാർക്കറ്റിംഗ് (ജെ എൽ ജി/ എസ് എച്ച് ജി)** - 1 ഏക്കർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതി - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 75,000/-<br><br>**ക്ഷീരസംഘങ്ങളുടെ ആധുനിക വൽക്കരണം**<br><br>• ആവശ്യാധിഷ്ഠിത ധനസഹായം -സബ്സിഡി തുക (രൂപ)/യൂണിറ്റ് 1,20,000/-<br>• FSSA ധനസഹായം - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 45,000/ -<br>• ക്ഷീരസംഘങ്ങൾക്ക് പാൽ സംഭരണ മുറി - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 3,75,000/-<br>• ക്ഷീരസംഘങ്ങൾക്ക് ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 5,25,000/-<br>• ക്ഷീരസംഘങ്ങൾക്ക് സോളാർ പാനൽ സ്ഥാപിക്കുന്നതിന് - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 8,00,000/-<br>• ക്ഷീരസംഘങ്ങൾക്ക് ഇ ടി പി സ്ഥാപിക്കുന്നതിന് - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 3,00,000/-<br>• വകുപ്പിന്റെ NABL അക്രഡിറ്റേഷനുള്ള സ്റ്റേറ്റ് ഡയറി ലാബ്, 3 റീജിയണൽ ലാബുകൾ, ജില്ലാ ഗുണമേന്മാ ലാബുകൾ ചെക്പോസ്റ്റുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ<br>• ഫാം ലെവൽ ഹൈജീൻ - 5 പശുക്കൾ മുതലുള്ള ഫാമുകളിലെ ശുചിത്വ വൽക്കരണവുമായി ബന്ധപ്പെട്ട പദ്ധതി - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 75,000<br><br>**മിൽമ മുഖേന നടപ്പിലാക്കിയ പദ്ധതികൾ**<br><br>• തൃപ്പൂണിത്തുറയിൽ സ്ഥാപിച്ച രണ്ട് മെഗാവാട്ട് സൗരോർജ്ജ പ്ലാന്റിലൂടെ രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഓൺ ഗ്രിഡ് സൗരോർജ്ജ ഡെയറിയായി മിൽമ എറണാകുളം തൃപ്പൂണിത്തുറ ഡെയറി മാറി. |

<table>
<tr><td></td><td></td><td></td><td>
<ul>
<li>131.3 കോടി രൂപ ചെലവിൽ നിർമ്മിച്ചിരിക്കുന്ന 10 ടൺ ഉൽപ്പാദന ശേഷിയുള്ള മിൽമയുടെ മലപ്പുറത്തെ മൂർക്കനാട് പാൽപ്പൊടി നിർമാണ ഫാക്ടറി 2024-ൽ പ്രവർത്തനമാരംഭിച്ചു. ഇതു വഴി പ്രതികൂല സാഹചര്യങ്ങളിൽ മിച്ചം വരുന്ന പാൽ നശിച്ചു പോകാതെ പൊടിയാക്കി മാറ്റാൻ കേരളത്തിൽ തന്നെ സൗകര്യമുണ്ടാകുകയും, ക്ഷീരകർഷകർ സംഭരിക്കുന്ന മുഴുവൻ പാലിനും വിപണി കണ്ടെത്താൻ സാധിക്കുകയും ആയത് കേരളത്തിന്റെ ക്ഷീരോൽപ്പാദന മേഖലയ്ക്ക് ഊർജ്ജമായി മാറുകയും ചെയ്യുന്നതാണ്.</li>
<li>ഡ്രഗ് ലൈസൻസോടെ ആയുർവേദ വെറ്റിനറി മരുന്നുകൾ ഉൽപ്പാദിപ്പിച്ച് പ്രചരിപ്പിക്കുന്ന മിൽമയുടെ പ്രവർത്തനങ്ങൾക്ക് മൻ കി ബാത്തിലൂടെയുള്ള പ്രധാനമന്ത്രിയുടെ പ്രശംസ ലഭിച്ചു.</li>
<li>കാലാവസ്ഥാ വ്യതിയാനത്തിലൂടെ കറവമൃഗങ്ങളിൽ ഉണ്ടാകുന്ന ഉല്പാദനക്കുറവിനാലുള്ള സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി, രാജ്യത്ത് ആദ്യമായി കാലാവസ്ഥാ അധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയ ക്ഷീരസഹകരണ പ്രസ്ഥാനം മിൽമയാണ്.</li>
<li>ദേശീയ ക്ഷീരവികസന പദ്ധതിയുടെ സഹായത്തോടെ നിർമ്മിച്ച മിൽമ സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലാബ്, പാൽ, പാലുത്പന്നങ്ങൾ, മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ കർശനമായ ഗുണനിലവാര പരിശോധനയ്ക്ക് ഉതകുന്നതാണ്.</li>
</ul>
</td></tr>
<tr><td>(ബി)</td><td>പാൽ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;</td><td>(ബി)</td><td>
മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിപണനം എന്നിവയ്ക്ക് ജെ എൽ ജി കൾക്ക് നൽകുന്ന ധനസഹായം
<table>
<tr><td>അടങ്കൽ തുക (രൂപ) / യൂണിറ്റ്</td><td>33,33,300</td></tr>
<tr><td>സബ്സിഡി തുക (രൂപ) / യൂണിറ്റ്</td><td>20,00,000</td></tr>
<tr><td>അപേക്ഷിക്കേണ്ട രീതി</td><td>ക്ഷീരവികസന യൂണിറ്റുകൾ മുഖേന</td></tr>
</table>
മിൽമ, ഉപഭോക്താക്കൾക്കാവശ്യമുള്ള രീതിയിലുള്ള വിവിധ തരത്തിലുള്ള പാൽ വിപണിയിലെത്തിക്കുന്നതോടൊപ്പം തന്നെ ഗുണമേന്മയുള്ള അസംഖ്യം പാലുൽപ്പന്നങ്ങളും വിപണിയിലെത്തിക്കുന്നുണ്ട്. കേരളത്തിലെ വിപണിയിൽ പാൽ, തൈര്, നെയ്യ്, ഐസ്ക്രീം തുടങ്ങിയ ഉൽപ്പന്നങ്ങളുടെ വിൽപനയുടെ മുഖ്യ പങ്ക് കയ്യാളുന്നത് മിൽമയാണ്. കർഷകരിൽ നിന്നും സംഭരിക്കുന്ന പാലിൽ നിന്നും നിർമ്മിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിലും വിപണനത്തിലും മിൽമ പ്രത്യേകം ശ്രദ്ധ പുലർത്തുന്നു. മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും അടിസ്ഥാന സൗകര്യങ്ങളും എല്ലാ മേഖലാ യൂണിയനുകളിലും സജ്ജമാക്കിയിട്ടുണ്ട്.
നിലവിൽ നെയ്യ്, തൈര്, സംഭാരം, യോഗർട്ട്, വെണ്ണ, പനീർ, പാലട മിക്സ്, ഫ്ളേവേർഡ് മിൽക്കുകൾ, വിവിധ തരം പേഡകൾ, വിവിധ തരം ഐസ്ക്രീമുകൾ, വ്യത്യസ്തയിനം ഹെൽത്ത് ഡ്രിങ്കുകൾ എന്നിങ്ങനെയുള്ള ഉല്പന്നങ്ങളുടെ ഒരു ശ്രേണി തന്നെ മിൽമയ്ക്കുണ്ട്. ഉപഭോക്താക്കളുടെ അഭിരുചിയും ആവശ്യങ്ങളും മനസിലാക്കുന്നതിനും അതിനനുസരിച്ച് ഗുണമേൻമയുള്ള ഉൽപ്പന്നങ്ങൾ സമയബന്ധിതമായി എത്തിക്കുന്നതിനുമുള്ള സംവിധാനങ്ങളും നിലവിലുണ്ട്. മാത്രമല്ല, ഓരോ സാമ്പത്തിക വർഷവും ഒട്ടനവധി പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നുണ്ട്. മിൽമ വിപണിയിൽ ഇറക്കിയ കാരറ്റ് പേഡ, പാഷൻ ഫ്രൂട്ട് ഐസ്ക്രീം, ചിക്കു ഐസ്ക്രീം, ഫ്രൂട്ട് ആന്റ് നട്ട് ഐസ്ക്രീം, ചോക്ലേറ്റ് പേഡ, ഷുഗർ ഫ്രീ പേഡ തുടങ്ങിയ ഉൽപ്പന്നങ്ങൾ അവയിൽ ചിലതാണ്. ഇതു കൂടാതെ, മറ്റു ബ്രാൻഡുകളുമായി കിടപിടിക്കുന്ന രീതിയിൽ വിപണിയിലെ മാറ്റങ്ങൾക്കും ഉപഭോക്താക്കളുടെ മാറുന്ന അഭിരുചിക്കും അനുസൃതമായി ഒട്ടനവധി പുതിയ ഉൽപ്പന്നങ്ങൾ 'റീ-പൊസിഷനിംഗ് മിൽമ' എന്ന ദീർഘകാല പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ വർഷം മിൽമ വിപണിയിലെത്തിച്ചിട്ടുണ്ട്. ഒസ്മാനിയ ബട്ടർ ബിസ്കറ്റ്, ബട്ടർ ഡ്രോപ്പ്, റെഡി-ടു-ഡ്രിങ്ക്- പാലട പായസം, ഇൻസ്റ്റന്റ് പുളിശ്ശേരി മിക്സ്, തുടങ്ങിയവ അവയിൽ ചിലതാണ്.
കരിക്കിൻ വെള്ളം എന്ന കേരളത്തിന്റെ മുഖമുദ്രയായ പാനീയത്തെ കേരളീയർക്കൊപ്പം തന്നെ അയൽ സംസ്ഥാനങ്ങളിലേക്കും അന്താരാഷ്ട്ര വിപണിയിലേക്കും എത്തിക്കുന്നത് ലക്ഷ്യം വച്ച് അവതരിപ്പിച്ച മിൽമ ടെണ്ടർ കോക്കനട്ട് വാട്ടർ, വ്യവസായ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനുമായി സഹകരിച്ച്, അവതരിപ്പിച്ച മിൽമ കാഷ്യു വിറ്റ പൗഡർ (ചോക്ലേറ്റ്, പിസ്ത, വാനില ഫ്ളേവറുകളിൽ) എന്നിവ മിൽമ ഏറ്റവും അടുത്ത് വിപണിയിലവതരിപ്പിച്ചിട്ടുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാണ്.
</td></tr>
<tr><td>(സി)</td><td>ക്ഷീര കർഷകർക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആനുകൂല്യങ്ങൾ പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ആയത് വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?</td><td>(സി)</td><td>
ക്ഷീര കർഷകർക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.
സർക്കാർ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്ലാൻ ഫണ്ട് പൂർണ്ണമായും ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുത പദ്ധതി ആനുകൂല്യങ്ങൾ പര്യാപ്തമാകുന്നില്ല എന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.
ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷീരസാന്ത്വനം പദ്ധതിയിലേക്ക് മിൽമയുടെ വിഹിതമായി നൽകിയിരുന്ന തുക, 500 രൂപയിൽ നിന്നും 600 രൂപയായി ഉയർത്തിയിട്ടുണ്ട്. ക്ഷീരകർഷകരുടെ പ്രയാസങ്ങൾ മനസിലാക്കിക്കൊണ്ട് ഉൽപ്പാദനചെലവ് കുറച്ചുകൊണ്ട് ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ഗുണനിലവാരമുള്ള കാലിത്തീറ്റ, ഇതര തീറ്റ വസ്തുക്കൾ, പച്ചപ്പുല്ല്, വൈക്കോൽ, സൈലേജ് തുടങ്ങിയ തീറ്റ വസ്തുക്കൾ സബ്സിഡി നിരക്കിൽ മിൽമ കർഷകർക്ക് ലഭ്യമാക്കുന്നു. മേഖലാ യൂണിയനുകൾ നൽകിവരുന്ന സബ്സിഡിക്കു പുറമേ ഫെഡറേഷനും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ ചാക്ക് ഒന്നിന് 100 രൂപ സബ്സിഡി നൽകി വരുന്നുണ്ട്. ഉൽപാദനോപാധികളും തൊഴുത്ത് നിർമ്മാണത്തിനുള്ള സഹായങ്ങൾ, കൃത്രിമ ബീജധാന സഹായം എന്നിവയും കർഷകർക്ക് നൽകുന്നുണ്ട്. ക്ഷീരകർഷകർക്ക് സ്ഥിരമായ വിലയും വിപണിയും ഉറപ്പുവരുത്തിക്കൊണ്ട്, കർഷകർ ക്ഷീരസഹകരണ സംഘങ്ങളിലൊഴിക്കുന്ന പാലിന് ഗുണനിലവാരത്തിനനുസരിച്ച വില കൃത്യമായ ഇടവേളകളിൽ നൽകി വരുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ഉൽപ്പാദനക്കുറവിനാൽ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി കാലാവസ്ഥാ അധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി മേഖലാ യൂണിയനുകൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. 2023-ൽ ഇന്ത്യയിൽ ആദ്യമായാണ് മലബാർ മേഖലായൂണിയൻ പശുക്കൾക്ക് വേണ്ടി കാലാവസ്ഥാ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.
സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ മാർക്കറ്റിംഗ് സർപ്ലസ് ഡയറികളിലെത്തിക്കുകയും അത് ഉൽപാദന പ്രക്രിയയ്ക്ക് വിധേയമാക്കി പാലും പാലുൽപ്പന്നങ്ങളുമാക്കി വിൽപ്പന നടത്തി ലഭിക്കുന്ന ആദായത്തിന്റെ 83 ശതമാനവും കർഷകരിലേക്ക് പാൽ വിലയായും
</td></tr>
</table>

| | | | |
|---|---|---|---|
| | | | മറ്റാനുകൂല്യങ്ങളുമായി തിരികെ നൽകുന്നു. അതോടൊപ്പം തന്നെ സർക്കാരിന്റെ ഭാഗികമായ ധനസഹായത്തോടു കൂടിയും മേഖലാ യൂണിയനുകളുടെ സ്വന്തം ഫണ്ടുയോഗിച്ചും സംസ്ഥാനത്തെ ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനായുള്ള സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളിൽ മിൽമയും പങ്കാളിയാവുന്നുണ്ട്. ഇത്തരത്തിൽ അതാത് കാലങ്ങളിൽ വിവിധ കാലിത്തീറ്റ സബ്സിഡികളായും, മറ്റനേകം കർഷക ക്ഷേമപ്രവർത്തനങ്ങളായും മിൽമ പ്രവർത്തന ലാഭത്തിന്റെ 98 ശതമാനവും ക്ഷീരകർഷരിലേക്ക് തന്നെ തിരികെ എത്തിക്കുന്നുണ്ട്.<br><br>കൂടാതെ, കേരളാബാങ്ക്, വ്യവസായ വാണിജ്യ വകുപ്പ്, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ക്ഷീരവികസന വകുപ്പ് എന്നീ വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികൾ സംബന്ധിച്ച് അതാത് വകുപ്പ് പ്രതിനിധികളുമായി വിശദമായി ചർച്ച നടത്തുകയും, അവയിൽ നിന്നും മിൽമയ്ക്ക് അനുയോജ്യമായവ കണ്ടെത്തി, അതിന്റെ വിശദാംശങ്ങൾ സർക്കുലർ രൂപത്തിൽ, മേഖലാ യൂണിയനുകൾക്കു കീഴിലുള്ള സംഘങ്ങൾ വഴി കർഷകർക്കിടയിൽ എത്തിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ക്ഷീരവൃത്തി ഉപജീവനമാക്കിവവർക്ക് ഈ വായ്പാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ വളർച്ച കൈവരിക്കാനും, പുതിയ ആൾക്കാരെ ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിനും ആയതിലൂടെ ക്ഷീരമേഖലയിൽ പുത്തൻ ഉണർവ് കൊണ്ടുവരുവാനും കഴിയുമെന്ന് പ്രത്യാശിക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം - 1</u>**

**<u>കർഷകർക്കുള്ള പദ്ധതികൾ</u>**

**<u>മിൽക്ക്ഷെഡ് ഡെവലപ്മെൻ്റ് പ്രോഗ്രാം (M S D P)</u>**

1. ഒരു പശു യൂണിറ്റ് - പശു വളർത്തൽ ഉപജീവനമാർഗ്ഗമായുള്ള കർഷകർക്കുള്ള പദ്ധതി സബ്സിഡി തുക - 30,000/- രൂപ/യൂണിറ്റ്
2. രണ്ട് പശു യൂണിറ്റ് - പശു വളർത്തൽ ഉപജീവനമാർഗ്ഗമായുള്ള കർഷകർക്കുള്ള പദ്ധതി സബ്സിഡി തുക 60,000/- രൂപ/യൂണിറ്റ്
3. അഞ്ച് പശു യൂണിറ്റ് - പശു വളർത്തൽ ഉപജീവനമാർഗ്ഗമായുള്ള കർഷകർക്കുള്ള പദ്ധതി - സബ്സിഡി തുക 1,50,000/- രൂപ/യൂണിറ്റ്
4. പത്ത് പശു യൂണിറ്റ് ബാങ്ക് ലോൺ ഉൾപ്പെടുത്തി വ്യാവസായികാടിസ്ഥാനത്തിലുള്ള പശു വളർത്തൽ - സബ്സിഡി തുക - 3,80,000/- രൂപ/യൂണിറ്റ്
5. ഇരുപത് പശു യൂണിറ്റ് - ബാങ്ക് ലോൺ ഉൾപ്പെടുത്തി വ്യാവസായികാടിസ്ഥാനത്തിലുള്ള പശു വളർത്തൽ - സബ്സിഡി തുക 7,60,000/- രൂപ/യൂണിറ്റ്
6. ഗ്രൂപ്പുകൾക്കുള്ള പശു വാങ്ങൽ പദ്ധതി ജെ എൽ ജി, എസ് എച്ച് ജി, എഫ് പി ഒ, മറ്റ് രജിസ്ട്രേഡ് ഗ്രൂപ്പുകൾ എന്നിവയ്ക്കുള്ള 5, 10 പശു വളർത്തൽ പദ്ധതി (ലോൺ ബാധകം) - സബ്സിഡി തുക 1,83,000/- രൂപ / 5 പശു യൂണിറ്റ്, 3,80,000/- രൂപ / 10 പശു യൂണിറ്റ്
7. ക്ഷീരഗ്രാമം - തെരഞ്ഞെടുത്ത 51 ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി വിഹിതം കൂടി ഉൾപ്പെടുത്തി നടത്തുന്ന പ്രത്യേക പദ്ധതി
8. കിടാരി പാർക്ക് (Heifer Park) 50 കിടാരികളെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിനും സർക്കാർ പദ്ധതി ഗുണഭോക്താക്കൾക്ക് വിൽപന നടത്തുന്നതിനുമുള്ള പ്രത്യേക പദ്ധതി (വ്യക്തികൾ/ ഗ്രൂപ്പുകൾ/ക്ഷീരസംഘങ്ങൾ/ FPO/JLG/SHG) - സബ്സിഡി തുക-ഒന്നാം ഘട്ടം - 9,00,000/- രൂപ, രണ്ടാം ഘട്ടം - 6,00,000/- രൂപ
9. ക്ഷീരലയം - തോട്ടം മേഖലയിലെ തൊഴിലാളികളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡിൽ 10 പശുക്കളെ വളർത്തുന്നതിനുള്ള പദ്ധതി - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 11,00,000/-
10. ക്ഷീര തീരം - തീരദേശത്തെ മൽസ്യം, കയർ മേഖലയിലെ തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള പ്രത്യേക 2 പശു യൂണിറ്റ് പദ്ധതി (വ്യക്തിഗതം) - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 1,29,000/-
11. ഇടുക്കി സ്പെഷ്യൽ പാക്കേജ് - ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായുള്ള വിവിധ ക്ഷീരവികസന പദ്ധതികൾ - സബ്സിഡി തുക (രൂപ) - 25,00,000/-
12. ബാങ്ക് ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീം ഡയറി ഫാമിംഗ് സംരംഭങ്ങൾക്കായി

5 ലക്ഷത്തിൽ കുറയാത്ത ലോൺ എടുത്ത് കൃത്യമായി തിരിച്ചക്കുന്ന കർഷകർക്ക് 5 വർഷം വരെ 100 ശതമാനം പലിശയും സബ്സിഡിയായി നൽകുന്നു (പ്രതിവർഷം പരമാവധി 3 ലക്ഷം രൂപ)

13. അസിസ്റ്റൻസ് ടു പ്രോഗ്രസ്സീവ് ഡയറി ഫാമേഴ്സ് (ആവശ്യാധിഷ്ഠിത ധനസഹായം)- സബ്സിഡി തുക (രൂപ)/യൂണിറ്റ്- 50,000/-

14. ധാതുലവണ മിശ്രിതം വിതരണം

15. ഡയറി ഫാമുകളുടെ യന്ത്ര വൽക്കരണവും ആധുനിക വൽക്കരണവും സബ്സിഡി തുക (രൂപ)/യൂണിറ്റ് - 50,000/-

16. കാലിത്തൊഴുത്ത് നിർമ്മാണം - സബ്സിഡി തുക (രൂപ)/യൂണിറ്റ്- 50,000/-

17. കറവയന്ത്രം - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 30,000/-

18. കൊമേഴ്സ്യൽ ഡയറി ഫാമുകളുടെ ആധുനിക വൽക്കരണം - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 50,000/-

<u>തീറ്റപ്പുൽകൃഷി വികസന പദ്ധതി</u>

1. ക്ഷീരകർഷകർ, ക്ഷീരസംഘങ്ങൾ എന്നിവ മുഖേന തീറ്റപ്പുൽ കൃഷി ഉൽപാദനവും സംരക്ഷണവും

2. 20 സെന്റിന് മുകളിൽ സബ്സിഡി തുക (രൂപ)/ഹെക്ടർ - 33,000/-

3. 20 സെന്റിൽ താഴെ - (സൗജന്യ പുൽക്കട വിതരണം മാത്രം)

4. ജലസേചന ധനസഹായം - 1 ഏക്കറിൽ താഴെയുള്ള പുൽകൃഷി - സബ്സിഡി തുക (രൂപ) /യൂണിറ്റ്- 10,000/-

5. ജലസേചന ധനസഹായം - 1 ഏക്കറിന് മുകളിലുള്ള പുൽകൃഷി -സബ്സിഡി തുക (രൂപ)/യൂണിറ്റ് - 25,000/-

6. യന്ത്രവൽക്കരണ ധനസഹായം ചാഫ് കട്ടർ, ബ്രഷ് കട്ടർ മുതലായ യന്ത്രങ്ങൾവാങ്ങുന്നതിനുള്ള പദ്ധതി - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 10,000/-

7. വാണിജ്യാടിസ്ഥാനത്തിൽ തരിശ്ശു നിലത്തിൽ തീറ്റപ്പുൽ കൃഷി - 1 ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷിചെയ്യുന്നതിന് വ്യക്തികൾ, ഗ്രൂപ്പുകൾ, ക്ഷീരസംഘങ്ങൾ എന്നിവയ്ക്കുള്ള പദ്ധതി - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 1,00,000/-

8. ഫോഡർ ഹബ്സ്/ ഫോഡർ മാർക്കറ്റിംഗ് (ജെ എൽ ജി/എസ് എച്ച ജി) - 1 ഏക്കർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതി - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 75,000/-

9. ചോളം കൃഷി ചെയ്യുന്നതിനുള്ള ധനസഹായം - സബ്സിഡി തുക (രൂപ)/യൂണിറ്റ് - 15,785/-

<u>ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും അഡ്വൈസറി സർവ്വീസും</u>

1. കണ്ടിജൻസി ഫണ്ട് - ക്ഷീരകർഷകർക്ക് പശുവളർത്തലിൽ ആകസ്മികമായുണ്ടാകുന്ന നഷ്ടങ്ങൾക്കുള്ള ധനസഹായം - 15,000/- രൂപ

**2.** മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിപണനം എന്നിവയ്ക്ക് ജെ എൽ ജി കൾക്ക് നൽകുന്ന ധനസഹായം - **20,00,000/-** രൂപ